

# Roby Kannanchira CMI, Chavara Cultural Centre, Delhi

## സുകൃത സ്മരണ: ഇന്നും പ്രചോദിപ്പിക്കുന്ന വിനീതച്ചൻ



ധർമ്മാരാം ഒരു വിസ്മയമായിരുന്നു. ധർമ്മാരാമിൽ നിന്നും വിദ്യാ ക്ഷേത്രത്തിലേക്കുള്ള വഴികളുടെ ഇരുവശവും നിറയെ വിതാനിച്ചു നിൽക്കുന്ന മരച്ചില്ലകളുടെ ഇലച്ചാർത്തിലൂടെ സ്വച്ഛമായി നടന്നു നീങ്ങുന്ന വിനീതച്ചൻ. ഇന്നും എന്റെ മനസ്സിലെ മായാത്ത കാഴ്ചയാണ്. ഒരു അപ്പൂപ്പൻ താടിയുടെ കനം പോലും അനുഭവിപ്പിക്കാതെയുള്ള സംഗീതാത്മകമായ ആ നടത്തത്തിൽ ഇടയ്ക്കൊക്കെ കൂടെ നടക്കാൻ ഞാനും ഉണ്ടായിരുന്നു...

'ഒരാൾ പ്രകൃതിയിലലിഞ്ഞു ചേരുമ്പോൾ മാത്രമാണ് പ്രകൃതിക്കതീതമായവ ഗ്രഹിക്കാനാവൂ"എന്ന ആ ജ്ഞാനതപസ്വിയുടെ മൊഴി നിഴലിൽ ഞാൻ എന്നെ ചേർത്തുവച്ചു. അസ്തിത്വത്തിന്റെ അതിഭൗതീകമായ (metaphysical) അർത്ഥതലങ്ങളിലൂടെ, അരിസ്റ്റോട്ടിലിന്റെ അരികുപറ്റിയുള്ള ഒരു മൃദുപദസഞ്ചാരമായിരുന്നു അത് എന്ന് പിന്നീടാണ് ഞാൻ തിരിച്ചറിഞ്ഞത്.

ഒരുവൻ അസ്തിത്വബോധത്തിന്റെ പൂർണ്ണത നേടുന്നത് ഈ പ്രകൃതിയിലുള്ള സർവ്വചരാചരങ്ങളിലും ഈശ്വരഭാവം അനുഭവിക്കുമ്പോഴാണ്. അറിവും കഴിവും മികവും തികവും കൊണ്ട് ഒരാൾ തന്റെ അഹംബോധത്തിന് ചാർത്തികൊടുത്ത അലങ്കാരങ്ങളെല്ലാം അഴിച്ചുവെച്ച് പച്ചമണ്ണിലേക്ക്, പൂക്കളിലേക്ക്, പൂമ്പൊടിയിലേക്ക്, അടർന്നു വീഴുന്ന പൂവിതളിന്റെ നിശബ്ദതയിലേക്ക്, കിളിയൊച്ചകളിലേക്ക്, ഇളം കാറ്റിലേക്ക്, മഴയിലേക്ക്, പുഴയുടെ കളകളാരവങ്ങളിലേക്ക്, മഴവില്ലിന്റെ വർണ്ണശബളിമയിലേക്ക് സ്വയമലിയുവാൻ തന്നെതന്നെ സമ്പൂർണ്ണമായും വിട്ടുകൊടുക്കുന്ന ഒരു നിമിഷമുണ്ട്: ആനന്ദമാണത്, സായൂജ്യമാണത്. താൻ നേടിയ ഈ അനുഭവം ഏതൊരു സത്യാന്വേഷിയും വ്യക്തിപരമായി സ്വന്തമാക്കണം എന്ന വിനീതച്ചന്റെ ആഗ്രഹസാക്ഷത്ക്കാരമായിരുന്നു, ബാംഗ്ലൂർ–ബെന്നാർഘട്ടയിലുള്ള വിദ്യാവനം ആശ്രമം.

വൈവിധ്യങ്ങളെ ആഘോഷമാക്കുന്ന ഭാരതീയ ആദ്ധ്യാത്മിക ഉറവിടങ്ങളെ ക്രൈസ്തവ വിശ്വാസശൈലിയുമായി ചേർത്തുവയ്ക്കുവാനുള്ള ലളിതമായ ശ്രമം. ദേശീയോദ്ഗ്രഥനത്തിന്റെ ആത്മീയ ഭാഷയായിരുന്നു വിദ്യാവനം.

ദൈവശാസ്ത്രപഠനത്തിനായിവീണ്ടും ധർമ്മാരാമിൽ എത്തിയപ്പോൾ ഒരിക്കൽ വിനീതച്ചൻ എന്റെ മുന്നിൽ തുറന്നിട്ട



ജാലകപഴുതിലൂടെത്തന്നെ ഈ വിശ്വപ്രപഞ്ചത്തെ നോക്കി കാണാനാണ് ഞാൻ ശ്രമിച്ചത്, അല്പംകൂടി ആഴത്തിൽ...

ധർമ്മാരാം ചാപ്പലിൻെറ മുന്നിലെ ഹൃദയാകാരം പൂണ്ട കൊച്ചുകുളത്തിൽ വിരിഞ്ഞു നിന്ന ആമ്പൽപ്പൂക്കളിൽ എൻെറ ഹൃദയത്തിലെ മാലിന്യങ്ങൾ അലിഞ്ഞുപോകുന്നത് ഞാനറിഞ്ഞു... ചാപ്പലിനുപിന്നിലെ ലൈബ്രറിയുടെ കിഴക്കുവശത്തെ ഓർച്ചാർഡിലുള്ള ചെടികൾക്കിടയിലെ കിളികൂട്ടിൽ നിന്നും കാലിടറി മണ്ണിൽ വീണ് ഉറുമ്പരിക്കുന്ന ജീവനുള്ള കുഞ്ഞിക്കിളിയുടെ ദൈന്യതയിൽ ആരും കാണാതെ ഞാൻ കരഞ്ഞു... ദൈവശാസ്ത്രപഠനത്തിൻെറ അവസാനനാളുകളിൽ പ്രബന്ധം (thesis) തയ്യാറാക്കേണ്ട സമയം എൻെറ മനസ്സിൽ മറ്റൊന്നുമുണ്ടായിരുന്നില്ല. ഈ വിശ്വപ്രപഞ്ചം ദൈവകാരുണ്യത്തിൻെറയും അനുകമ്പയുടെയും വെളിപ്പെടുത്തലാണ് എന്ന ഏറ്റവും ലളിതമായ ദർശനത്തെ അവലംബിച്ച് വിശുദ്ധ ബൈബിളിലെ സങ്കീർത്തനങ്ങളിലും, ആംഗലേയ കവികളായ വില്യം വേർഡ്സ്‌വർത്ത്, ജോൺ കീറ്റ്സ്, പി. ബി. ഷെല്ലി എന്നിവരുടെ കാല്പനിക കവിതകളിലുമുള്ള പ്രപഞ്ചദർശനത്തിൻെറ താരതമ്യപഠനം ജോസഫ് പാത്രപാങ്കൽ അച്ചൻെറ കീഴിൽ ഞാൻ പൂർത്തിയാക്കി.

പിന്നീട് ഏറെ വർഷങ്ങൾക്കുശേഷം ഉപരിപഠനം അനിവാര്യമായപ്പോഴും എൻെറ മനസ്സിൽ വിനീതച്ചൻ വെളിച്ചമായി. ഈ സൃഷ്ടപ്രപഞ്ചത്തിൽ തൻെറ ആത്മാവിനെ വിതാനിച്ച ദൈവം, ഏതൊരു മനുഷ്യനേയും ആശ്വസിപ്പിക്കുവാനും, സുഖപ്പെടുത്തുവാനും വിമലീകരിക്കുവാനും ഒട്ടനവധി സാധ്യതകളെ ഒളിപ്പിച്ചു വച്ചിട്ടുണ്ട് എന്നത് എൻെറ അനുഭവമായിക്കഴിഞ്ഞിരുന്നു. ഏറെ നാളത്തെ പഠനപരിശ്രമങ്ങൾക്കൊടുവിൽ 2019 ജൂലൈ മാസം കോയമ്പത്തൂർ ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ സങ്കീർത്തനങ്ങളെയും രവീന്ദ്രനാഥടാഗോറിൻെറ ഗീതാഞ്ജലിയേയും അടിസ്ഥാനമാക്കി "പ്രകൃതിയുടെ സൗഖ്യസാധ്യതകളെക്കുറിച്ച് ഒരു പഠനം" (A Study on the Therapeutic Potential of Nature with Reference to *Psalms and Gitanjali*) എന്ന വിഷയത്തിൽ പ്രബന്ധം സമർപ്പിച്ചപ്പോഴും പ്രകൃതിയുടെ ഉപാസകനായ വിനീതച്ചൻ എൻെറ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. താൻ അറിവും ജ്ഞാനവും അനുഭവവും പകർന്നു നൽകിയ ആയിരങ്ങളിലൂടെ വിനീതച്ചൻ കാലങ്ങൾക്കപ്പുറത്തേക്കുള്ള സഞ്ചാരം തുടരുകയാണ്: തലമുറകളെ പ്രചോദിപ്പിച്ചുകൊണ്ട്...

